"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ഇടുക്കി ജില്ലയിലെ കട്ടപ്പന നഗരസഭയിൽ കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ കുടിവെള്ള വിതരണത്തിന് അധികമായി ചിലവായ തുക കട്ടപ്പന നഗരസഭയുടെ തനതു ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിപ്പിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡി സി) വകുപ്പ്**

സ.ഉ.(സാധാ) നം.**2075/2025/LSGD** തീയതി,തിരുവനന്തപുരം, **21-08-2025**

---

പരാമർശം:- 1. **19/02/2024**-ലെ സ.ഉ(സാധാ)**405/2024**/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ്.

2. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ **19/05/2025, 29/07/2025** എന്നീ തീയതികളിലെ **LSGD/PD/39419/2024-DPLC2** നമ്പർ കത്തുകൾ.

**ഉത്തരവ്**

ഇടുക്കി ജില്ലയിലെ കട്ടപ്പന നഗരസഭയിലെ വിവിധ വാർഡുകളിൽ കുടിവെള്ളക്ഷാമം രൂക്ഷമായതിനാൽ ജി.പി.എസ്. ഘടിപ്പിച്ച ടാങ്കർ ലോറിയിൽ കുടിവെള്ളവിതരണത്തിന് **31/03/2024** വരെ **1,16,100/-** രൂപയും, **01/04/2024** മുതൽ **31/05/2024** വരെ **22,53,000/-** രൂപയും ഉൾപ്പടെ ആകെ **23,69,100/-** രൂപ ചെലവായിട്ടുണ്ടെന്നും **01/04/2024** മുതൽ **31/05/2024** വരെ ചെലവായ **22,53,000/-** രൂപയിൽ സർക്കാർ ഉത്തരവ് പ്രകാരം അനുവദനീയമായ **17** ലക്ഷം രൂപ കഴിച്ച് ബാക്കി **5,53,000/-** രൂപ അധികമായി ചെലവഴിച്ചിട്ടുണ്ടെന്നും **01/04/2024** മുതൽ **31/05/2024** വരെയുള്ള **22,53,000/-** രൂപയിൽ സർക്കാർ ഉത്തരവ് പ്രകാരം അനുവദിനീയമായ **17** ലക്ഷം കഴിച്ച് ബാക്കി **5,53,000/-** തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് പ്രത്യേകാനുമതി ലഭ്യമാക്കുന്നതിനായി സെക്രട്ടറിയുടെ അപേക്ഷ, കമ്മിറ്റി തീരുമാന പകർപ്പ്, ചെലവ് വിവരം കാണിക്കുന്ന സ്റ്റേറ്റ്മെന്റ്, ട്രിപ്പ് ഷീറ്റ്, ജി.പി.എസ് റിപ്പോർട്ട് സഹിതം ഇടുക്കി ജില്ലാ ജോയിന്റ് ഡയറക്ടർ ശിപാർശ സമർപ്പിച്ചിട്ടുണ്ടെന്നും ഇടുക്കി ജില്ലാ ജോയിന്റ് ഡയറക്ടറുടെ റിപ്പോർട്ടിന്റെയും കട്ടപ്പന മുൻസിപ്പൽ സെക്രട്ടറി ലഭ്യമാക്കിയ അനുബന്ധ രേഖകളുടെയും അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവിൽ അധികമായി ചെലവായ **5,53,000/-** രൂപ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിനുള്ള അനുമതി ലഭ്യമാക്കണമെന്നു അഭ്യർത്ഥിച്ചുകൊണ്ട് പരാമർശം **(2)** പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

**(2)** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശസ്വയംഭരണ വകുപ്പ്

പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, 2024 വർഷത്തിൽ കട്ടപ്പന നഗരസഭയിൽ 01/04/2024 മുതൽ 31/05/2024 വരെ കുടിവെള്ള വിതരണത്തിന് സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചതിൽ അധികമായി ചിലവായ 5,53,000/- രൂപ (അഞ്ചു ലക്ഷത്തി അമ്പത്തിമൂവായിരം രൂപ മാത്രം) ചിലവ് ആധികാരികത കട്ടപ്പന നഗരസഭ സെക്രട്ടറി ഉറപ്പാക്കേണ്ടതാണെന്ന നിബന്ധനയോടെയും പരാമർശിത ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായും തുക നഗരസഭയുടെ തനതു ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് കട്ടപ്പന നഗരസഭയ്ക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിപ്പിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

രാമനാഥ് ജി

ഡെപ്യൂട്ടി സെക്രട്ടറി

പകർപ്പ്:

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

സെക്രട്ടറി, കട്ടപ്പന നഗരസഭ, ഇടുക്കി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ആഡിറ്റ്1/ആഡിറ്റ് 2),കേരള, തിരുവനന്തപുരം

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by

Shaija R M

Date: 21-08-2025 13:58:35

സെക്ഷൻ ഓഫീസർ